## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4479

04.02.2014-ൽ
മറുപടിയ്ക്ക്

### അട്ടപ്പാടിയിൽ ഭൂമി നഷ്ടപ്പെട്ട പട്ടിക വർഗ്ഗക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂമിയുണ്ടായിരുന്ന എത്ര പട്ടിക വർഗ്ഗക്കാർക്ക് അട്ടപ്പാടിയിൽ ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കാമോ; ഇപ്രകാരം ഭൂമി നഷ്ടപ്പെട്ട പട്ടിക വർഗ്ഗക്കാർക്ക് അവരുടെ ഭൂമി തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ;<br>(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി അട്ടപ്പാടിയിലെ പട്ടിക വർഗ്ഗക്കാർക്ക് അവരുടെ നഷ്ടപ്പെട്ട ഭൂമി തിരികെ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ; | <u>(എ) യും (ബി) യും:</u><br>1999 ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ട് പ്രകാരം ഭൂമി നഷ്ടപ്പെട്ട രണ്ടു കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കൈമാറ്റങ്ങൾ അസാധുവാക്കിക്കൊണ്ടും ഭൂമി പുനഃസ്ഥാപിക്കാനും ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) കൈയ്യേറ്റത്തിന്റെ ഭാഗമായി പട്ടിക വർഗ്ഗക്കാർക്ക് നഷ്ടപ്പെട്ട ഭൂമിയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ? | (സി) കൈയ്യേറ്റം നടന്നതായി ലഭിച്ച പരാതികളിൽ പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും (K.S.T) ആക്ട്, 1999 പ്രകാരം നടപടി ആരംഭിച്ച് തീർപ്പുണ്ടാക്കുന്ന മുറയ്ക്ക് മാത്രമേ ഭൂമി നഷ്ടപ്പെട്ടതിന്റെ വിവരങ്ങൾ അന്തിമമായി കണക്കാക്കുവാൻ കഴിയുകയുള്ളൂ. ഭൂമി നഷ്ടപ്പെട്ടതായി ലഭിച്ച പരാതികളിൽ കെ.എസ്.റ്റി. ആക്ട് പ്രകാരമുള്ള വിചാരണ നടപടികൾ സബ് കളക്ടറുടെ ഓഫീസിൽ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ